**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ലയിലെ മഴവന്നൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സുഭാഷ് ജെ. മാമലശ്ശേരിയ്ക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.772/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 22.03.2018

================================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15.10.2015-ലെ ഇ 7(എസ് സി 153/2014/ഇകെഎം)34411/2014 നമ്പർ കത്ത്

2. സർക്കാരിന്റെ 04.04.2016-ലെ 37/ഇപിബി2/2016/തസ്വഭവ നമ്പർ കുറ്റപത്രം

3. പഞ്ചായത്ത് ഡയറക്ടറുടെ 17.01.2017-ലെ ഡി2-14322/2016 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, എറണാകുളം ജില്ലയിലെ മഴവന്നൂർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ പഞ്ചായത്തിലെ വഴിവിളക്കുകൾ നന്നാക്കുന്നതിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായും, വഴിവിളക്കുകൾ നന്നാക്കുന്നതിൽ കെ.എസ്.ഇ.ബിയുമായി ഏകോപനമുണ്ടായില്ല, പ്രോജക്ടിന്റെ മുഴുവൻ തുകയും കോൺട്രാക്ടർക്ക് നല്കിയെങ്കിലും ഇതു സംബന്ധിച്ച ബില്ലുകളോ, വൗച്ചറുകളോ ലഭ്യമാക്കിയില്ല എന്നീ വീഴ്ചകൾ കണ്ടെത്തുകയും തുടർന്ന് ടി വീഴ്ചകൾക്കുത്തരവാദിയായ മഴവന്നൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സുഭാഷ് ജെ. മാമലശ്ശേരിക്കെതിരെ പരാമർശം (2) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. എന്നാൽ കുറ്റപത്രത്തിന് ടിയാൻ നാളിതുവരെ പ്രതിവാദ പത്രിക സമർപ്പിച്ചിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കുറ്റപത്രത്തിന് ശ്രീ. സുഭാഷ് ജെ. മാമലശ്ശേരിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന അനുമാനത്തിൽ വീഴ്ചകൾക്കുത്തരവാദിയായ മഴവന്നൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സുഭാഷ് ജെ. മാമലശ്ശേരിയുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞ് ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. സുഭാഷ് ജെ. മാമലശ്ശേരി, മുൻ സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (16.12.2017-ലെ വിജി. ഡി3/208/2017-വിജി. നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/37/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ